"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഹരിതകർമ്മ സേന അംഗങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 1000/- രൂപ വീതം ഉത്സവബത്ത നൽകുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1632/2024/LSGD തീയതി,തിരുവനന്തപുരം, 05-09-2024

---

പരാമർശം:-
1. സ.ഉ(സാധാ) നം. 1686/2023/LSGD തിയതി, 19.08.2023
2. കുടുംബശ്രീ ഡയറക്ടറുടെ 02/09/2024-ലെ 10394/D/2017/KSHO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഓണം പ്രമാണിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് കഴിഞ്ഞ വർഷം 1000/-രൂപ വീതം ഉത്സവബത്തയായി അനുവദിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നുവെന്നും അതുപോലെ ഈ വർഷവും ഓണം പ്രമാണിച്ച് ഉത്സവബത്ത ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കുടുംബശ്രീ ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 വർഷത്തെ ഓണം ഉത്സവവുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേനാംഗങ്ങൾക്ക് 1000/-രൂപ (ആയിരം രൂപ മാത്രം) വീതം ഉത്സവബത്തയായി തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിന് ആവശ്യമായ അടിയന്തര നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 05-09-2024 17:35:33
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്